| 27–07–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– ബാബയ്ക്ക് സമാനം ദയാഹൃദയരും മംഗളകാരിയുമായി മാറൂ, സ്വയം പുരുഷാർത്ഥം ചെയ്യുകയും മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കുകയും ചെയ്യുന്നവരാണ് വിവേകശാലികൾ.**

**ചോദ്യം–** നിങ്ങൾ കുട്ടികൾക്ക് തന്റെ പഠിപ്പിലൂടെ ഏതൊരു പരിശോധനയാണ് നടത്താൻ സാധിക്കുക, നിങ്ങളുടെ പുരുഷാർത്ഥം എന്താണ്?
**ഉത്തരം–** നമ്മൾ ഉത്തമമായ പാർട്ടാണോ അഭിനയിക്കുന്നത് അതോ മദ്ധ്യമമാണോ കനിഷ്ടമാണോ എന്ന കാര്യം പഠിപ്പിലൂടെ നിങ്ങൾക്ക് പരിശോധിക്കാം. ആരാണോ മറ്റുള്ളവരേയും ഉത്തമമാക്കി മാറ്റുന്നത് അഥവാ സേവനം ചെയ്ത് ബ്രാഹ്മണരുടെ വൃദ്ധി ഉണ്ടാക്കുന്നത് അവരുടെ പാർട്ടിനെയാണ് ഉത്തമം എന്നു പറയുന്നത്. പഴയ ചെരുപ്പ് അഴിച്ച് പുതിയത് അണിയുക എന്നതാണ് നിങ്ങളുടെ പുരുഷാർത്ഥം. എപ്പോഴാണോ ആത്മാവ് പവിത്രമാകുന്നത് അപ്പോൾ പവിത്രമായ പുതിയ ചെരുപ്പ്(ശരീരം) ലഭിക്കും.

**ഓംശാന്തി.** കുട്ടികൾ രണ്ട് രീതിയിൽ സമ്പാദിച്ചുകൊണ്ടിരിക്കുകയാണ്. ഒന്ന് ഓർമ്മയുടെ യാത്രയിലൂടെയുള്ള സമ്പാദ്യം രണ്ടാമത് 84 ജന്മങ്ങളുടെ ചക്രത്തിന്റെ ജ്ഞാനത്തെ സ്മരിക്കുന്നതിലൂടെയുള്ള സമ്പാദ്യം. ഇതിനെയാണ് പറയുന്നത് ഇരട്ട വരുമാനം എന്നാൽ അജ്ഞാനകാലത്തിൽ ഉണ്ടാകുന്നത് അല്പകാലത്തിലെ ക്ഷണഭംഗുരമായ ഒറ്റ വരുമാനമാണ്. നിങ്ങളുടെ ഈ ഓർമ്മയുടെ യാത്രയിലുള്ള വരുമാനം വളരെ വലുതാണ്. ആയുസ്സും വർദ്ധിക്കും, പവിത്രമാവുകയും ചെയ്യും. മുഴുവൻ ദുഃഖങ്ങളിൽ നിന്നും മുക്തമാകുന്നു. വളരെ വലിയ വരുമാനമാണ്. സത്യയുഗത്തിൽ ആയുസ്സും വളരെ കൂടുതലായിരിക്കും. ദുഃഖത്തിന്റെ പേരുപോലും ഉണ്ടാകില്ല എന്തുകൊണ്ടെന്നാൽ രാവണ രാജ്യം ഉണ്ടായിരിക്കില്ല. അജ്ഞാനകാലത്തിൽ പഠിപ്പിലൂടെ അല്പകാല സുഖമാണ് ലഭിക്കുന്നത്, പഠിപ്പിന്റെ സുഖം ശാസ്ത്രം പഠിക്കുന്നവർക്കാണ് ലഭിക്കുന്നത്. അതിലൂടെ അവരുടെ അനുയായികൾക്ക് ഒരു ഗുണവുമില്ല. അവരെ അനുയായികൾ എന്ന് പറയാൻ സാധിക്കില്ല. എന്തുകൊണ്ടെന്നാൽ അവർ വസ്ത്രം മാറ്റുന്നില്ല, വീട് ഉപേക്ഷിക്കുന്നില്ല പിന്നെ എങ്ങനെ അവരെ അനുയായികൾ എന്ന് വിളിക്കും! അവിടെയാണെങ്കിൽ ശാന്തി, പവിത്രത എല്ലാമുണ്ട്. ഇവിടെയാണെങ്കിൽ അപവിത്രത കാരണം ഓരോ വീടുകളിലും എത്ര അശാന്തിയാണ്. നിങ്ങൾക്ക് ഈശ്വരനിൽ നിന്നും ശ്രീമതം ലഭിക്കുകയാണ്. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ അച്ഛനെ ഓർമ്മിക്കൂ. സ്വയം ഈശ്വരീയ ഗവൺമെന്റിലാണ് എന്ന് മനസ്സിലാക്കൂ. പക്ഷേ നിങ്ങൾ ഗുപ്തമാണ്. ഹൃദയത്തിൽ എത്ര സന്തോഷമുണ്ടാകണം. ഇപ്പോൾ നമ്മൾ ശ്രീമതത്തിലൂടെയാണ് നടക്കുന്നത്. അതിന്റെ ശക്തിയിലൂടെ സതോപ്രധാനമായി മാറുകയാണ്. ഇവിടെ ഒരു രാജ്യഭാഗ്യവും നേടാനില്ല. നമ്മുടെ രാജ്യഭാഗ്യം പുതിയ ലോകത്തിലാണുള്ളത്. ഇപ്പോൾ അതിന്റെ അറിവ് ലഭിച്ചു. ഈ ലക്ഷ്മീ നാരായണന്മാരുടെ 84 ജന്മങ്ങളുടെ കഥ നിങ്ങൾക്ക് പറയാൻ സാധിക്കും. ഏത് ഒരു മനുഷ്യനുമാകട്ടെ, എന്തെല്ലാം പഠിപ്പിക്കുന്നവരുമാകട്ടേ പക്ഷേ ഒരാൾക്കുപോലും ഇവരുടെ 84 ജന്മങ്ങളുടെ കഥ കേൾപ്പിക്കാൻ സാധിക്കില്ല. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ ഓർമ്മയുണ്ട്, വിചാര സാഗര മഥനവും ചെയ്യുന്നുണ്ട്.

ഇപ്പോൾ നിങ്ങൾ ജ്ഞാന സൂര്യവംശത്തിലേതാണ്. പിന്നീട് സത്യയുഗത്തിലെത്തുമ്പോൾ വിഷ്ണുവംശി എന്നു വിളിക്കും. ജ്ഞാനസൂര്യൻ പ്രകടമായി........... ഈ സമയത്ത് നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നില്ലേ. ജ്ഞാനത്തിലൂടെയാണ് സദ്ഗതി ഉണ്ടാകുന്നത്. അരകല്പം ജ്ഞാനം പിന്നീട് അരകല്പം അജ്ഞാനമായിരിക്കും. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. നിങ്ങൾ ഇപ്പോൾ വിവേകശാലികളായി മാറിയിരിക്കുന്നു. നിങ്ങൾ എത്രത്തോളം വിവേകശാലിയായി മാറുന്നുവോ അത്രത്തോളം മറ്റുള്ളവരെ തനിക്കുസമാനമാക്കി മാറ്റുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. നിങ്ങളുടെ ബാബ ദയാഹൃദയനും മംഗളകാരിയുമാണ് അതിനാൽ കുട്ടികളും അതുപോലെയാവണം. കുട്ടികൾ മംഗളകാരിയായി മാറിയില്ലെങ്കിൽ അവരെ എന്താണ് പറയുക? മഹിമയുണ്ടല്ലോ– ധൈര്യശലി കുട്ടികളെ ബാബ സഹായിക്കും. ഇതും തീർച്ചയായും വേണം. ഇല്ലെങ്കിൽ എങ്ങനെ സമ്പത്ത് നേടും. സേവനം അനുസരിച്ച് സമ്പത്ത് നേടുന്നു, ഇത് ഈശ്വരീയ മിഷനറിയല്ലേ. ക്രിസ്ത്യൻ മിഷൻ, ഇസ്ലാമീ മിഷൻ മുതലായവ ഉണ്ടല്ലോ അവർ അവരുടെ ധർമ്മത്തെ വളർത്തുന്നു. നിങ്ങൾ നിങ്ങളുടെ ബ്രാഹ്മണ ധർമ്മത്തേയും ദൈവീക ധർമ്മത്തേയും വളർത്തുന്നു. ഡ്രാമ അനുസരിച്ച് നിങ്ങൾ കുട്ടികൾ തീർച്ചയായും സഹായികളാവും. കല്പം മുമ്പ് എന്ത് പാർട്ട് അഭിനയിച്ചോ അത് തീർച്ചയായും അഭിനയിക്കും. നിങ്ങൾ കാണുന്നുണ്ട് ഓരോരുത്തരും അവരുടെ ഉത്തമം, മദ്ധ്യമം അല്ലെങ്കിൽ കനിഷ്ടമായ പാർട്ട് അഭിനയിക്കുന്നു. ഉത്തമനാക്കി മാറ്റുന്നത് ആരാണോ അവരാണ് സർവ്വോത്തമമായ പാർട്ട് അഭിനയിക്കുന്നത്. അതിനാൽ എല്ലാവർക്കും ബാബയുടെ പരിചയം നൽകണം ഒപ്പം ആദി

മദ്ധ്യ അന്ത്യ രഹസ്യവും കേൾപ്പിക്കണം. ഋഷി മുനിമാർ പോലും ഇതുമല്ല സത്യം– ഇതുമല്ല സത്യം എന്നു പറഞ്ഞാണ് പോയത്. പിന്നീട് സർവ്വവ്യാപീ എന്നു പറയുന്നു, അല്ലാതെ മറ്റൊന്നും അറിയില്ല. ഡ്രാമ അനുസരിച്ച് ആത്മാവിന്റെ ബുദ്ധിയും തമോപ്രധാനമായി മാറുന്നു. ശരീരത്തിന്റെ ബുദ്ധി എന്നു പറയില്ല. ആത്മാവിലാണ് മനസ്സും ബുദ്ധിയും ഉള്ളത്. ഇത് നല്ലരീതിയിൽ മനസ്സിലാക്കണം പിന്നീട് കുട്ടികൾ മനനചിന്തനം ചെയ്യണം. എന്നിട്ടുവേണം മനസ്സിലാക്കിക്കൊടുക്കാൻ. അവരാണെങ്കിൽ ശാസ്ത്രം കേൾപ്പിക്കാനായി എത്ര കടകൾ തുറന്നിരിക്കുന്നു. നിങ്ങളുടേതും കടയാണ്. വലിയ വലിയ നഗരങ്ങളിൽ വലിയ കടവേണം. ആരാണോ വളരെ തീവ്രതയുള്ള കുട്ടികൾ അവരുടെ പക്കൽ വളരെ അധികം ഖജനാവുകൾ ഉണ്ടാകും. അഥവാ ഇത്രയും ഖജനാവുകൾ ഇല്ലെങ്കിൽ പിന്നെ ആർക്കും നൽകാനും സാധിക്കില്ല! നമ്പർവൈസായാണ് ധാരണ ഉണ്ടാകുന്നത്. മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്ന തരത്തിൽ കുട്ടികൾ നല്ലരീതിയിൽ ധാരണ ചെയ്യണം. കാര്യം അത്ര വലുതൊന്നുമല്ല, സെക്കന്റിന്റെ കാര്യമാണ്– ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. നിങ്ങൾ ആത്മാക്കൾ ബാബയെ മനസ്സിലാക്കിയതിനാൽ പരിധിയില്ലാത്ത അധികാരിയായി മാറിയിരിക്കുന്നു. അധികാരികളും നമ്പർവൈസ് ആയിരിക്കും. രാജാവും അധികാരിയാണ് എന്നാൽ പ്രജയും പറയും ഞങ്ങളും അധികാരികളാണ്. ഇവിടെയും എല്ലാവരും നമ്മുടെ ഭാരതം എന്ന് പറയാറുണ്ടല്ലോ. നിങ്ങളും പറയുന്നു ശ്രീമതത്തിലൂടെ ഞങ്ങൾ ഞങ്ങളുടെ സ്വർഗ്ഗം സ്ഥാപിക്കുകയാണ്, പിന്നീട് സ്വർഗ്ഗത്തിലും രാജധാനിയുണ്ട്. അനേക പ്രകാരത്തിലുള്ള പദവികളുണ്ട്. ഉയർന്ന പദവി പ്രാപ്തമാക്കാൻ പുരുഷാർത്ഥം ചെയ്യണം. ബാബ പറയുന്നു നിങ്ങൾ എത്രത്തോളം പുരുഷാർത്ഥം ചെയ്ത് പദവി പ്രാപ്തമാക്കുന്നുവോ അത് കല്പ– കല്പാന്തരങ്ങളിലേയ്ക്ക് ഉണ്ടാകും. പരീക്ഷയിൽ മാർക്ക് കുറയുമ്പോൾ ചിലർക്ക് നിരാശയുണ്ടാകുന്നു. ഇതാണെങ്കിൽ പരിധിയില്ലാത്ത കാര്യമാണ്. പൂർണ്ണമായി പുരുഷാർത്ഥം ചെയ്തില്ലെങ്കിൽ പിന്നീട് നിരാശരാകുന്നു, ശിക്ഷകളും അനുഭവിക്കേണ്ടതായി വരും. ആ സമയത്ത് അല്ലാതെ എന്തുചെയ്യാൻ സാധിക്കും. ഒന്നും ചെയ്യാൻ പറ്റില്ല. ആത്മാവ് എന്ത് ചെയ്യും! ലോകരാണെങ്കിൽ ജീവനെ ഹത്യ ചെയ്യുന്നു, മുങ്ങിമരിക്കുന്നു. ഇവിടെയാണെങ്കിൽ ഹത്യയുടെ കാര്യമൊന്നുമില്ല. ആത്മാവിന്റെ ഹത്യ സാദ്ധ്യമല്ല, അത് അവിനാശിയാണ്. പിന്നെ നിങ്ങൾ പാർട്ട് അഭിനയിക്കുന്നത് ഏത് ശരീരം ഉപയോഗിച്ചാണോ അതിന്റെ ഹത്യയാണ് ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണ്, ഈ പഴയ ചെരുപ്പ് ഉപേക്ഷിച്ച് പുതിയ ദൈവീകമായ ചെരുപ്പ് അണിയണം. ഇത് ആരാണ് പറയുന്നത്? ആത്മാവ്. എങ്ങനെയാണോ കുട്ടികൾ പറയുന്നത്– ഞങ്ങൾക്ക് പുതിയ വസ്ത്രം നൽകൂ എന്ന് അതുപോലെയാണ്. നമ്മൾ ആത്മാക്കൾക്കും പുതിയ വസത്രം ആവശ്യമാണ്. ബാബ പറയുന്നു നിങ്ങൾ ആത്മാവ് പുതിയതാകുമ്പോൾ ശരീരവും പുതിയത് വേണം അപ്പോഴാണ് ശോഭിക്കുന്നത്. ആത്മാവ് പവിത്രമാകുമ്പോൾ 5 തത്വങ്ങളും പുതിയതാകും. 5 തത്വങ്ങളാലാണ് ശരീരം ഉണ്ടാകുന്നത്. ആത്മാവ് എപ്പോഴാണോ സതോപ്രധാനം അപ്പോൾ ശരീരവും സതോപ്രധാനമായതാണ് ലഭിക്കുക. ആത്മാവ് തമോപ്രധാനമാണെങ്കിൽ ശരീരവും തമോപ്രധാനം. ഇപ്പോൾ മുഴുവൻ ലോകത്തിലേയും പാവകൾ(ശരീരം) തമോപ്രധാനമാണ്, ദിനംപ്രതി ദിനം ലോകം പഴയതായിക്കൊണ്ടിരിക്കുന്നു, താഴേയ്ക്ക് വീണുകൊണ്ടിരിക്കുന്നു. എല്ലാ വസ്തുക്കളും പുതിയതിൽ നിന്നും പഴയതാകും. പഴയതായതിനുശേഷം നശിക്കുന്നു, ഇത് മുഴുവൻ ലോകത്തിന്റേയും കാര്യമാണ്. പുതിയ ലോകത്തെ സത്യയുഗമെന്നും, പഴയ ലോകത്തെ കലിയുഗം എന്നും പറയുന്നു. ബാക്കി ഈ സംഗമയുഗത്തെ ആരും അറിയുന്നില്ല. ഈ പഴയലോകം മാറുകയാണ് എന്നത് നിങ്ങൾക്ക് മാത്രമേ അറിയൂ.

ഇപ്പോൾ അച്ഛനും ടീച്ചറും ഗുരുവുമായ പരിധിയില്ലാത്ത ബാബയുടെ ആജ്ഞയാണ് പവിത്രമായി മാറു. മഹാശത്രുവായ കാമത്തെ ജയിച്ച് ജഗദ്ജീത്തായി മാറു. ജഗദ്ജീത്ത് അർത്ഥം വിഷ്ണുവംശിയായി ഭവിയ്ക്കു. കാര്യം ഒന്നുതന്നെയാണ്. കുട്ടികൾക്ക് അറിയാം നമ്മെ പഠിപ്പിക്കുന്നത് അച്ഛനാണ്. ആദ്യം ഇതിൽ നിശ്ചയം വേണം. കുട്ടികൾ വലുതായാൽ അച്ഛനെ ഓർമ്മിക്കണം. പിന്നീട് ടീച്ചറേയും ശേഷം ഗുരുവിനേയും ഓർമ്മിക്കണം. ഭിന്ന ഭിന്ന സമയങ്ങളിലായി മൂന്നുപേരേയും ഓർമ്മിക്കും. ഇവിടെയാണെങ്കിൽ മൂന്നുപേരേയും ഒരുമിച്ച് ഒരേ സമയത്ത് നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. അച്ഛനും ടീച്ചറും ഗുരുവും ഒരാൾ തന്നെയാണ്. മനുഷ്യരാണെങ്കിൽ വാനപ്രസ്ഥത്തിന്റെ അർത്ഥം പോലും അറിയുന്നില്ല. വാനപ്രസ്ഥത്തിലേയ്ക്ക് പോകണം അതിനാൽ ഗുരുവിനെ തേടണം എന്നു കരുതുന്നു. 60 വയസ്സിനുശേഷമാണ് ഗുരുവിന്റെ അടുത്തേയ്ക്ക് പോകുന്നത്. ഈ നിയമം ഇപ്പോഴാണ് ഉണ്ടാകുന്നത്. ബാബ പറയുന്നു– ഇവരുടെ അനേകം ജന്മങ്ങളുടെ അന്തിമ ജന്മത്തിലെ വാനപ്രസ്ഥ അവസ്ഥയിലാണ് ഞാൻ ഇവരുടെ സദ്ഗുരുവാകുന്നത്. ബാബയും പറയുന്നു 60 വയസ്സിനുശേഷം എപ്പോഴാണോ നിർവ്വാണധാമത്തിലേയ്ക്ക് പോകേണ്ട സമയമായത് അപ്പോഴാണ് സദ്ഗുരുവിനെ ലഭിച്ചത്. ബാബ വരുന്നതുതന്നെ എല്ലാവരേയും നിർവ്വാണധാമത്തിലേയ്ക്ക് തിരികെക്കൊണ്ടുപോകാനാണ്. മുക്തിധാമത്തിലേയ്ക്ക് പോയതിനുശേഷം വീണ്ടും പാർട്ട് അഭിനയിക്കാനായി വരണം. വാനപ്രസ്ഥ അവസ്ഥ ഒരുപാടുപേർക്ക് ഉണ്ടാകുന്നുണ്ട്, പിന്നീടാണ് ഗുരു

വിന്റെ പക്കലേയ്ക്ക് പോകുന്നത്. ഇന്നുകാലത്താണെങ്കിൽ ചെറിയ കുഞ്ഞുണ്ടായാൽ അതിനേയും ഗുരുവിന്റെ അടുത്തെത്തിക്കും പിന്നീട് ഗുരുവിന് അവരിൽ നിന്നും ദക്ഷിണ ലഭിക്കും. ക്രിസ്ത്യൻസാണെങ്കിൽ ക്രിസ്ത്യാനിയാക്കാനായി മടിയിലേയ്ക്ക് വെച്ചുകൊടുക്കുന്നു. പക്ഷേ അവർ ആരും നിർവ്വാണധാമത്തിലേയ്ക്ക് പോകുന്നില്ല. ഈ മുഴുവൻ രഹസ്യങ്ങളും ബാബയാണ് പറഞ്ഞുതരുന്നത്, ഈശ്വരന്റെ അറ്റം ഈശ്വരൻ തന്നെ പറഞ്ഞുതരണം. ആരംഭം മുതൽ പറഞ്ഞുതരുന്നുമുണ്ട്. തന്റെ അറ്റവും പറഞ്ഞുതരുന്നു ഒപ്പം സൃഷ്ടിയുടെ ജ്ഞാനവും നൽകുന്നു. ഈശ്വരൻ സ്വയം വന്ന് ആദി സനാതന ദേവീ ദേവതാ അഥവാ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു, ഇതിന്റെ പേര് ഭാരതം എന്നാണ് പാടപ്പെടുന്നത്. ഗീതയിൽ കൃഷ്ണന്റെ പേരിട്ട് എത്ര വളച്ചൊടിച്ചിരിക്കുന്നു. ഇതും ഡ്രാമയാണ്, വിജയത്തിന്റേയും തോൽവിയുടേയും കളിയാണ്. ഇതിൽ വിജയവും തോൽവിയും എങ്ങനെയാണ് സംഭവിക്കുന്നത്, ഇത് ബാബയ്ക്കല്ലാതെ മറ്റാർക്കും പറഞ്ഞുതരാൻ സാധിക്കില്ല. നമ്മുക്ക് ഇനി താഴേയ്ക്കും വീഴണം എന്നത് ഈ ലക്ഷ്മീ നാരായണന്മാർക്കുപോലും അറിയില്ല. ഇത് നിങ്ങൾ ബ്രാഹ്മണർക്കുമാത്രമേ അറിയൂ. ശൂദ്രർക്കും അറിയില്ല. ബാബ തന്നെയാണ് വന്ന് നിങ്ങളെ ബ്രാഹ്മണനിൽ നിന്നും ദേവതയാക്കി മാറ്റുന്നത്. ഹം സൊ സൊഹം എന്നതിന്റെ അർത്ഥം തന്നെ വേറെയാണ്. ഓം എന്നതിന്റെ അർത്ഥവും വേറെയാണ്. മനുഷ്യർ അർത്ഥം അറിയാതെ എന്ത് വായിൽ വരുന്നോ അത് പറയുകയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം എങ്ങനെയാണ് താഴേയ്ക്ക് വീണത് പിന്നീട് എങ്ങനെയാണ് കയറുന്നത്. ഈ ജ്ഞാനം ഇപ്പോഴാണ് നിങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നത്. ഡ്രാമ അനുസരിച്ച് കല്പത്തിനുശേഷവും ബാബ വന്ന് പറഞ്ഞുതരും. ഏതെല്ലാം ധർമ്മസ്ഥാപകരുണ്ടോ അവരെല്ലാം തന്റെ സമയമാകുമ്പോൾ വന്ന് ഓരോരുത്തരുടേയും ധർമ്മം വീണ്ടും സ്ഥാപിക്കും. ഞാൻ എങ്ങനെയാണ് ബ്രാഹ്മണൻ പിന്നീട് സൂര്യവംശീ ചന്ദ്രവംശീ പരമ്പരകളുടെ സ്ഥാപന ചെയ്യുന്നത്? ഇത് ഒരു ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ നിങ്ങൾ ജ്ഞാനസൂര്യവംശികളാണ് പിന്നീട് വിഷ്ണുവംശിയായി മാറും. വാക്കുകൾ വളരെ ശ്രദ്ധയോടെ എഴുതണം, ആരും അതിൽ തെറ്റ് കണ്ടുപിടിക്കരുത്.

നിങ്ങൾക്ക് അറിയാം ഈ ജ്ഞാനത്തിന്റെ ഓരോ വാക്യങ്ങളും രത്നങ്ങളാണ്, വജ്രങ്ങളാണ്. മനസ്സിലാക്കുന്നതിന് കുട്ടികളിൽ വളരെ അധികം ശുദ്ധത വേണം. അഥവാ തെറ്റി എന്തെങ്കിലും വാക്കുകൾ വന്നാലും പെട്ടെന്ന് തന്നെ അതിനെ ശരിയാക്കി മനസ്സിലാക്കിക്കൊടുക്കണം. ഏറ്റവും വലിയ തെറ്റ് അച്ഛനെ മറക്കുന്നു എന്നതാണ്. ബാബ ആജ്ഞ നൽകുകയാണ് എന്നെ മാത്രം ഓർമ്മിക്കു. ഇത് ഒരിയ്ക്കലും മറക്കരുത്. ബാബ പറയുന്നു നിങ്ങൾ വളരെ പഴയ പ്രിയതമകളാണ്. നിങ്ങൾ എല്ലാവരുടേയും പ്രിയതമൻ ഒരാളാണ്. അവരാണെങ്കിൽ ഒരാൾ മറ്റൊരാളുടെ രൂപം കണ്ടാണ് പ്രേമിക്കുന്നത്. ഇവിടെ പ്രിയതമൻ ഒന്നേയുള്ളു. ആ ഒരാൾ എത്ര പ്രിയതമകളെ ഓർമ്മിക്കും. അനേകം പേർക്ക് ഒരാളെ ഓർമ്മിക്കുക എന്നത് സഹജമാണ് എന്നാൽ ഒരാൾ എങ്ങനെ അനേകം പേരെ ഓർമ്മിക്കും! ബാബയോട് പറയുന്നു ബാബാ ഞങ്ങൾ അങ്ങയെ ഓർമ്മിക്കുകയാണ്. അങ്ങ് ഞങ്ങളെ ഓർമ്മിക്കുന്നുണ്ടോ? പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനായി ഓർമ്മിക്കേണ്ടത് നിങ്ങൾക്കാണ്. ഓർമ്മിക്കാൻ ഞാൻ പതിതമല്ലല്ലോ. ഓർമ്മിക്കുകയെന്നത് നിങ്ങളുടെ ജോലിയാണ് എന്തുകൊണ്ടെന്നാൽ പാവനമായി മാറണം. ആര് എത്രത്തോളം ഓർമ്മിക്കുന്നുവോ എത്ര നല്ലരീതിയിൽ സേവനം ചെയ്യുന്നുവോ അത്രത്തോളം ധാരണയുണ്ടാകും. ഓർമ്മയുടെ യാത്ര വളരെ ബുദ്ധിമുട്ടാണ്, ഇതിലാണ് ബുദ്ധി പായുന്നത്. നിങ്ങൾ 84 ജന്മങ്ങളുടെ ചക്രം മറന്നുപോകും എന്നല്ല. ഈ കാതുകൾ സ്വർണ്ണപാത്രങ്ങളായിരിക്കണം. എത്രത്തോളം നിങ്ങൾ ഓർമ്മിക്കുന്നുവോ അത്രയും നല്ല ധാരണയുണ്ടാകും, ഇതിൽ ശക്തിയുണ്ടാകും അതിനാലാണ് പറയുന്നത് ഓർമ്മയുടെ മൂർച്ചവേണം. ജ്ഞാനത്തിലൂടെ സമ്പാദ്യമാണ് ഉണ്ടാകുന്നത്. നമ്പർവൈസായി ഓർമ്മയിലൂടെ സർവ്വശക്തികളും ലഭിക്കുന്നു. വാളിനും നമ്പർ അനുസരിച്ച് മൂർച്ചയിൽ വ്യത്യാസമുണ്ടായിരിക്കും. അത് സ്ഥൂലമായ കാര്യങ്ങളാണ്. പ്രധാനപ്പെട്ട ഒരേയൊരു കാര്യമാണ് ബാബ പറയുന്നത്– അല്ലാഹുവിനെ ഓർമ്മിക്കു. നിങ്ങളുടെ ജ്ഞാന യോഗത്തിന്റെ ശക്തിയും അവരുടെ മരണത്തിനുള്ള സാധനങ്ങളും തുല്യമായിരിക്കണം. ഇതും കളിയാണ്. എല്ലാവരും അഭിനേതാക്കൾ തന്നെയല്ലേ. ഭക്തിമാർഗ്ഗം പൂർത്തിയായിരിക്കുന്നു, ബാബ തന്നെയാണ് വന്ന് തന്റേയും സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും പരിചയം നൽകുന്നത്. ഇപ്പോൾ ബാബ പറയുന്നു വ്യർത്ഥമായ കാര്യങ്ങൾ നിങ്ങൾ കേൾക്കരുത് അതിനാലാണ് മോശമായത് കേൾക്കരുത്........ എന്നതിന്റെ ചിത്രം നിർമ്മിച്ചിരിക്കുന്നത്. മുമ്പ് കുരങ്ങുകളുടേതായിരുന്നു നിർമ്മിച്ചിരുന്നത് എന്നാൽ ഇപ്പോൾ മനുഷ്യരുടേതാണ് നിർമ്മിക്കുന്നത് എന്തുകൊണ്ടെന്നാൽ രൂപം മനുഷ്യന്റേതാണെങ്കിലും സ്വഭാവം കുരങ്ങുകളുടേതാണ്, അതിനാലാണ് താരതമ്യപ്പെടുത്തുന്നത്. ഇപ്പോൾ നിങ്ങൾ ആരുടെ സേനയാണ്? ശിവബാബയുടെ. കുരങ്ങിൽ നിന്നും നിങ്ങളെ ക്ഷേത്രത്തിലിരിക്കാൻ തക്ക യോഗ്യരാക്കി മാറ്റുന്നു. എവിടെയുള്ള കാര്യം എവിടെ എത്തിച്ചു. കുരങ്ങന്മാർക്ക് പാലം ഉണ്ടാക്കാൻ സാധിക്കുമോ? ഇതെല്ലാം കെട്ടുകഥകളാണ്. എപ്പോഴെങ്കിലും ആരെങ്കിലും ചോദിക്കും നിങ്ങൾ ശാസ്ത്രങ്ങൾ അംഗീകരിക്കുന്നുണ്ടോ?

പറയൂ അതേ! ശാസ്ത്രത്തെ അംഗീകരിക്കാത്തവരായി ആരെങ്കിലും ഉണ്ടാകുമോ. ഞങ്ങളാണ് ഏറ്റവും കൂടുതൽ അംഗീകരിക്കുന്നത്. ഞങ്ങൾ എത്ര പഠിക്കുന്നുവോ അത്രയും നിങ്ങൾ പോലും പഠിച്ചിട്ടുണ്ടാകില്ല. അരകല്പം ഞങ്ങൾ പഠിച്ചിട്ടുണ്ട്. സ്വർഗ്ഗത്തിൽ ശാസ്ത്രം, ഭക്തി മുതലായ ഒരു കാര്യവും ഉണ്ടാവില്ല. എത്ര സഹജമായാണ് ബാബ മനസ്സിലാക്കിത്തരുന്നത്. എന്നിട്ടും തനിക്കുസമാനമാക്കി മാറ്റാൻ കഴിയില്ലേ. കുട്ടികൾ മുതലായവരുടെ ബന്ധനത്തിന്റെ കാരണത്താൽ എവിടേയ്ക്കും ഇറങ്ങാൻ കഴിയുന്നില്ല. ഇതിനേയും ഡ്രാമ എന്നേ പറയൂ. ബാബ പറയുന്നു 15 ദിവസം കോഴ്സ് കേട്ടശേഷം പിന്നീട് തനിക്കുസമാനമാക്കി മാറ്റുന്നതിൽ മുഴുകണം. വലിയ വലിയ നഗരങ്ങളുടെ തലസ്ഥാനത്തിൽ വല വീശണം എങ്കിൽ ശബ്ദം ഉയരും. വലിയ ആളുകൾ ഇല്ലാതെ ആരുടേയും ശബ്ദം ഉയരില്ല. വളരെ ശക്തിയായി വലവീശൂ എങ്കിൽ വളരെ അധികം പേർ വരും. ബാബയുടെ നിർദേശം ലഭിക്കുന്നുണ്ടല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ജ്ഞാനയോഗത്തിലൂടെ തന്റെ ബുദ്ധിയെ ശുദ്ധമാക്കണം. ബാബയെ മറക്കുക എന്ന തെറ്റ് ഒരിയ്ക്കലും ചെയ്യരുത്. പ്രിയതമയായി മാറി പ്രിയതമനെ ഓർമ്മിക്കണം.

2. ബന്ധനമുക്തരായി മാറി തനിക്കുസമാനമാക്കി മാറ്റുന്ന സേവനം ചെയ്യണം. ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥത്തിൽ ഒരിയ്ക്കലും നിരാശരായി മാറരുത്.

## വരദാനം - ഒരു നിമിഷത്തിന്റെ ഏകാഗ്ര സ്ഥിതിയിലൂടെ ശക്തിശാലി അനുഭവം ചെയ്യുന്ന ചെയ്യിക്കുന്ന ഏകാന്തവാസിയായി ഭവിയ്ക്കട്ടെ.

ഏകാന്ത വാസിയാകുക അർത്ഥം ഏതെങ്കിലും ഒരു ശക്തിശാലി സ്ഥിതിയിൽ സ്ഥിതി ചെയ്യുകയാണ്. അത് ബീജ രൂപ സ്ഥിതിയിൽ സ്ഥിതി ചെയ്ത് കൊണ്ടാവാം, അല്ലെങ്കിൽ ലൈറ്റ് മൈറ്റ് ഹൗസ് സ്ഥിതിയിൽ സ്ഥിതി ചെയ്തുകൊണ്ട് വിശ്വത്തിന് ലൈറ്റ് മൈറ്റ് നൽകൂ. ഫരിസ്ത സ്ഥിതിയിലൂടെ മറ്റുള്ളവർക്ക് അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യിക്കൂ. ഒരു സെക്കന്റ് അഥവാ ഒരു നിമിഷമെങ്കിലും അഥവാ ഈ സ്ഥിതിയിൽ ഏകാഗ്രമായി സ്ഥിതി ചെയ്യൂ, എന്നാൽ സ്വയത്തിനും അന്യ ആത്മാക്കൾക്കും വളരെയധികം ലാഭം ഉണ്ടാക്കാൻ സാധിക്കും. കേവലം ഇതിന്റെ അഭ്യാസം വേണം.

## സ്ലോഗൻ - ആരുടെയാണോ ഓരോ സങ്കല്പത്തിലും വാക്കിലും പവിത്രതയുടെ വൈബ്രേഷൻ അടങ്ങിയിരിക്കുന്നത്, അവരാണ് ബ്രഹ്മാചാരി.